Bishop George Rajendran sdb
Diocese of Thuckalay
ஆயர் சுற்றுமடல்
Bishop's House, P B No: 12,Thuckalay PO, Kanya kumari Dt- 629 175, Tamil Nadu, India

Circular letter No/GR/60/2025

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരെ, സന്യസ്തരേ, ദൈവജനമേ,

നമ്മുടെ രൂപതയിൽ 2024 മെയ് മാസം ഒന്നാം തീയതി ആരംഭിച്ച ഏഴാമത് പാസ്റ്ററൽ കൗൺസിലിൻറെ മൂന്നാം സമ്മേളനം 2025 മെയ് മാസം ഒന്നാം തീയതി തക്കല സംഗമത്തിൽ വച്ച് നടത്തപ്പെട്ടു. ഈ സമ്മേളനത്തിൽ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രവർത്തന പദ്ധതികൾ പ്രധാന വിഷയമായി എടുത്തു ചർച്ചകൾ നടത്തി. എൻറെ അധ്യക്ഷതയിൽ ആമുഖപ്രസംഗത്തോടെയാണ് ഈ സമ്മേളനം ആരംഭിച്ചത്. റവ. ഫാ. ജോസഫ് സന്തോഷ് മുഖ്യപ്രഭാഷണം നടത്തി. 101 അംഗങ്ങൾ ഉള്ള പാസ്റ്ററൽ കൗൺസിലിൽ 57 അംഗങ്ങൾ മാത്രമാണ് അന്ന് ഈ സമ്മേളനത്തിൽ പങ്കെടുത്തത്. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ട എല്ലാവരും പതിവായി മീറ്റിംഗിൽ പങ്കെടുക്കണമെന്നും, അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ വേണ്ട നടപടികൾ ഇടവക വികാരിമാർ സ്വീകരിക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു. മീറ്റിംഗിൽ പങ്കെടുത്ത് വിലപ്പെട്ട അഭിപ്രായങ്ങൾ പങ്കുവെച്ച അംഗങ്ങൾക്ക് എൻറെ അഭിനന്ദനങ്ങൾ നേരുന്നു. പാസ്റ്ററൽ കൗൺസിലിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളെയും അതിന് അംഗങ്ങൾ നൽകിയ മറുപടിയും നിങ്ങളും ആയി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ചോദ്യം ഒന്ന്;- വിശ്വാസ പരിശീലനം എല്ലാ പ്രായത്തിലും ഉള്ള ആളുകളിൽ എത്തുന്നുണ്ടോ? അതിൻറെ വെല്ലുവിളികളെ നേരിടാൻ നാം സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണ്?

ഈ ചോദ്യത്തിന് മറുപടിയായി, നമ്മുടെ രൂപതയിലെ വിശ്വാസ പരിശീലനം എല്ലാ പ്രായത്തിലുള്ളവർക്കും ശരിയായ രീതിയിൽ ചെന്നെത്തിയിട്ടില്ല എന്ന് അഭിപ്രായം പ്രകടിപ്പിച്ചു. നമ്മുടെ രൂപതയിലെ വിശ്വാസ പരിശീലനം ശരിയായ രീതിയിൽ നടത്തുന്നതിന് നാം എല്ലാവരും പരിശ്രമിക്കണം. നമുക്ക് ലഭിച്ച ആഴമായ വിശ്വാസത്തെ നമ്മുടെ കുട്ടികൾ, യുവജനങ്ങൾ, പ്രായമായവർ എന്നിവർ ഉൾപ്പെടെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിച്ചേരുന്ന രീതിയിൽ പങ്കുവയ്ക്കണം. ബഹുമാനപ്പെട്ട വൈദികരും, സന്യസ്ഥരും, അല്മായരും ഒന്നുചേർന്ന് ഇടവക മക്കൾക്ക് വിശ്വാസ പരിശീലനം പകർന്നു നൽകാൻ മുന്നോട്ടു വരണം. ഇത് ഓരോ ഇടവക വികാരിമാരും തങ്ങളുടെ മുഖ്യ കർത്തവ്യമായി കരുതി പ്രവർത്തിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. ഇടവക തലത്തിൽ വിശ്വാസ പരിശീലനം നടത്താൻ "വിശ്വാസ പരിശീലന ഗ്രൂപ്പ്" നെ രൂപപ്പെടുത്തി വിശ്വാസ പരിശീലനത്തിന് ആവശ്യമായ പ്രവർത്തന പദ്ധതികൾ ചിട്ടപ്പെടുത്താൻ ഈ കാലയളവിൽ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. കത്തോലിക്കാ വിശ്വാസത്തിന്റെ അടിസ്ഥാന തത്വങ്ങൾ വളർത്തുക, മതബോധനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മാതാപിതാക്കളിൽ അവബോധം സൃഷ്ടിക്കുക, സീറോമലബാർ സഭയുടെ പാരമ്പര്യങ്ങൾ പഠിപ്പിക്കുക, ഭക്ത സംഘടനകളിൽ ആത്മീയ ഉണർവ്വ് വളർത്തുക, ജനങ്ങളുടെ ആത്മീയ ഉന്നമനത്തിന് ആവശ്യമായ കുടുംബ സന്ദർശനങ്ങൾ നടത്തുക, രോഗികളെ സന്ദർശിക്കുക, ദരിദ്രരെയും പാവപ്പെട്ടവരെയും പരിപാലിക്കുക തുടങ്ങിയ കാര്യങ്ങൾ ഇന്നത്തെ കാലഘട്ടത്തിൻറെ അനിവാര്യതകൾ ആയി ഈ ഗ്രൂപ്പ് പരിഗണിക്കണം.

വിശുദ്ധ ലൂക്കായുടെ സുവിശേഷം നാലാം അധ്യായം 18 മുതൽ 19 വരെയുള്ള വാക്യങ്ങളിൽ ഇത് സൂചിപ്പിക്കുന്നു."കർത്താവിൻറെ ആത്മാവ് എൻറെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും, അന്ധർക്ക് കാഴ്ചയും, അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും, കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു. കൂടാതെ പരിശുദ്ധ കുർബാനയുടെ മധ്യേയുള്ള വചനപ്രഘോഷണത്തിൽ, പരിശുദ്ധ കുർബാന, വിശുദ്ധ കൂദാശകൾ, വിശുദ്ധ പാരമ്പര്യങ്ങൾ തുടങ്ങിയവയുടെ ദൈവശാസ്ത്രപരമായ വ്യാഖ്യാനങ്ങൾ ഇടവക മക്കൾക്ക് തുടർന്ന് നൽകുന്നതും, വിശ്വാസ പരിശീലനത്തെ കൂടുതൽ ശക്തിപ്പെടുത്താൻ സഹായിക്കുമെന്ന് നിർദ്ദേശിച്ചു.

ചോദ്യം രണ്ട്: സുവിശേഷപ്രഘോഷണത്തിൽ അൽമായരുടെ പങ്കാളിത്തം എങ്ങനെയാണ്? സീറോമലബാർ സഭാ തലത്തിൽ എടുത്ത തീരുമാനങ്ങളുമായി സഹകരിച്ച് അതിനെ മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണ്?

നമ്മുടെ രൂപതയിലുള്ള അല്മായരുടെ പങ്കാളിത്തം സുവിശേഷ പ്രവർത്തനങ്ങളിൽ വളരെ കുറവാണെന്ന് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ അഭിപ്രായപ്പെട്ടു. തോമാ ശ്ലീഹായുടെ മക്കളായ നാമെല്ലാവരും നമ്മുടെ പങ്കാളിത്തം രൂപതാ തലത്തിൽ ഉറപ്പാക്കാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. സീറോ മലബാർ സഭയിൽ നമ്മുടെ രൂപത ഒരു മിഷൻ രൂപതയായിട്ടാണ് ഇപ്പോഴും പ്രവർത്തിച്ചു വരുന്നത്. കന്യാകുമാരി മുതൽ മധുര-തേനി വരെ വ്യാപിച്ചു കിടക്കുന്ന മിഷൻ പ്രദേശങ്ങളിൽ നമ്മുടെ രൂപതയിലെ വൈദികരും, സിസ്റ്റേഴ്സും, അല്മായരും ഒരുമിച്ച് മിഷൻ പ്രവർത്തനം നടത്തുന്നുണ്ട് എന്ന വസ്തുത ഞാൻ നിങ്ങളെ അറിയിക്കുന്നു. ഈ അപ്പസ്തോല പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നതിന് എല്ലാവരുടെയും പ്രാർത്ഥനകൾ, മിഷൻ പ്രദേശങ്ങളിലെ സന്ദർശനം, സാധിക്കുന്ന രീതിയിലുള്ള സാമ്പത്തിക സഹായം നൽകൽ, തുടങ്ങിയ നല്ല പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ മുന്നോട്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എല്ലാ ഇടവകകളിലും തുടങ്ങിയ മിഷൻ സംഘടനയുടെ വളർച്ച, ഇതുവരെ ആരംഭിക്കാത്ത ഇടവകകളിൽ ഈ മിഷൻ സംഘടനയുടെ രൂപീകരണം തുടങ്ങിയ കാര്യങ്ങൾ ചെയ്യണമെന്നും, ഈ ഗ്രൂപ്പിലെ അംഗങ്ങളുടെ ലിസ്റ്റ് ഈ മാസം അവസാനം ഫൊറോന ഡയറക്ടർമാരെ അറിയിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. ഈശോയെ കർത്താവായി സ്വീകരിക്കാത്ത ജനങ്ങളുടെ ഇടയിൽ സുവിശേഷം അറിയിക്കുക, ദൈവ മക്കളെ വിശ്വാസത്തിൽ ആഴപ്പെടുത്തുക, കത്തോലിക്ക വിശ്വാസത്തിൽ നിന്ന് അകന്നു കഴിയുന്നവരെ വിശ്വാസത്തിലേക്ക് കൊണ്ടുവരിക, നമ്മുടെ ഇടവകകളിൽ പുതുതായി ചേർന്ന വിശ്വാസികളെ സീറോമലബാർ സഭയിൽ ഉറപ്പിച്ചു നിർത്തുക, അനുദിനം കുടുംബ പ്രാർത്ഥന നടത്തുക, എന്നിവ ഈ ഗ്രൂപ്പിന്റെ പ്രധാന ഉത്തരവാദിത്വങ്ങളാണ്. ഇതുകൂടാതെ മിഷൻ പ്രവർത്തനങ്ങൾക്കായും, ദൈവവിളിക്കും, ലോക സമാധാനത്തിനും കൂടുതൽ പ്രാർത്ഥനകൾ നടത്തണമെന്നും ഈ സംഘടനയിലെ അംഗങ്ങളെ ഞാൻ ഓർമ്മിപ്പിക്കുന്നു.

യേശുക്രിസ്തുവിന്റെ ജനനത്തിന്റെ ഈ ജൂബിലി വർഷത്തിൽ നമ്മുടെ രൂപതയിൽ നടപ്പാക്കാൻ പോകുന്ന ഒരു പുതിയ പദ്ധതിയെക്കുറിച്ച് നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വർഷം മുഴുവനും നമ്മുടെ ഇടവകകളിൽ വിശുദ്ധ ഗ്രന്ഥം വായിക്കാനും, ധ്യാനിക്കുവാനും ഉള്ള പ്രവർത്തന പദ്ധതികൾ നടക്കുന്നുണ്ടെന്ന് എനിക്കറിയാം. കൂടാതെ നൂറുമടങ്ങ് ഫലം പുറപ്പെടുവിക്കുവാൻ സുവിശേഷം മുഴുവൻ മനഃപാഠം ചെയ്യുന്നത് നല്ലതാണ്. ഇതിനായി മിഷൻ ലീഗ് സംഘടനയുടെ നേതൃത്വത്തിൽ 500 ദൈവവചനങ്ങൾ ഉൾപ്പെടുത്തി 'നൂറുമേനി' എന്ന പുസ്തകം രൂപപ്പെടുത്തിയിട്ടുണ്ട്. ഇതിൽ എല്ലാ ഇടവകകളും പങ്കെടുക്കുവാൻ തക്ക രീതിയിൽ രൂപതാ തല മത്സരം നടത്തുന്നുണ്ട്. ഈ മത്സരത്തിനായുള്ള നിർദ്ദേശങ്ങൾ ഈ മാസം പതിനഞ്ചാം തീയതിക്കുള്ളിൽ ഇടവക വികാരിമാർ വഴിയായി നിങ്ങൾക്ക് നൽകുന്നതാണ്. പങ്കെടുക്കുന്നവരുടെ പേരുകൾ ആഗസ്റ്റ് 30 നു മുൻപ് രജിസ്റ്റർ ചെയ്യണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. പ്രായഭേദമന്യേ എല്ലാവരും ഇതിൽ പങ്കെടുക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു. സുവിശേഷങ്ങൾ നാം ആഴമായി പഠിച്ച് അതിൻറെ അടിസ്ഥാനത്തിൽ ജീവിക്കാൻ ഇത് നമുക്ക് വഴികാട്ടും എന്നതിൽ സംശയമില്ല. ഈ മത്സരം എല്ലാ പ്രായത്തിലുള്ളവർക്കും പങ്കെടുക്കുന്ന രീതിയിൽ നടത്താനാണ് പദ്ധതി ഇട്ടിരിക്കുന്നത്. മിഷൻ ലീഗ് സംഘടനാ ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു ഗ്രൂപ്പ് ഇതിന് നേതൃത്വം നൽകും എന്ന കാര്യവും ഞാൻ നിങ്ങളെ അറിയിക്കുന്നു. ഈ ജൂബിലി വർഷം നല്ല രീതിയിൽ നമുക്ക് ആചരിക്കാം. ഇതിനോട് നല്ല രീതിയിൽ സഹകരിക്കാം.
ദൈവം നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും എല്ലാ പരിശ്രമങ്ങളെയും പൂർണമായി അനുഗ്രഹിക്കട്ടെ.

Bishops House
17-08-2025

BISHOP GEORGE RAJENDRAN sdb
Diocese of Thuckalay

ഈശോമിശിഹായിൽ സ്നേഹപൂർവ്വം

+ [signature]

മാർ ജോർജ് രാജേന്ദ്രൻ
തക്കല രൂപതയുടെ മെത്രാൻ